കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.11.2022-ലെ O.A.No.1844/2022-നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (സി) വകുപ്പ്

സ.ഉ.(സാധാ) നം.489/2022/TRANS തീയതി,തിരുവനന്തപുരം, 23-11-2022

---

പരാമർശം:-

1) 19.03.2022-ലെ സ.ഉ.(അച്ചടി) നം.08/2022/ഗതാഗതം
2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29.09.2022-ലെ C.P.No.142/2022 in O.A.No.1095/2022-നമ്പർ ഉത്തരവ്
3) 17.10.2022-ലെ സ.ഉ.(സാധാ.) നം.430/2022/ഗതാഗതം.
4) ട്രാൻസ്പോർട്ട് കമ്മീഷണറുടെ 27.10.2022-ലെ A4/26/2022/TC-നമ്പർ ഉത്തരവ്
5) ട്രാൻസ്പോർട്ട് കമ്മീഷണറുടെ 27.10.2022-ലെ A4/27/2022/TC-നമ്പർ ഉത്തരവ്
6) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.11.2022-ലെ O.A.No.1844/2022-നമ്പർ ഇടക്കാല ഉത്തരവ്.

ഉത്തരവ്

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ, പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പ്രകാരം, പരാമർശം (3) പ്രകാരം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ അവരവരുടെ ഫീഡർ തസ്തികയിലേക്കു തിരികെ പ്രവേശിപ്പിച്ചു ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാമർശം (4) & (5) പ്രകാരം, ട്രാൻസ്പോർട്ട് കമ്മീഷണർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ അവരവരുടെ ഫീഡർ തസ്തികയിലേക്കു തിരികെ പ്രവേശിപ്പിച്ചു നിയമനം നൽകുകയുണ്ടായി.

2) പരാമർശം (3) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ അവരവരുടെ ഫീഡർ തസ്തികയിലേക്കു തിരികെ പ്രവേശിപ്പിച്ചതിനെതിരെ ടി ഉദ്യോഗസ്ഥർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുപാകെ ഹർജി ഫയൽ ചെയ്യുകയും ഫീഡർ തസ്തികയിലേക്കു തിരികെ പ്രവേശിപ്പിച്ച ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം അനുവദിക്കാവുന്നതാണ് എന്ന്, പരാമർശം (6) പ്രകാരം, ഉത്തരവാകുകയും ചെയ്തു.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ ഉത്തരവ് പ്രകാരം ഫീഡർ തസ്തികയിലേക്ക് തിരികെ പ്രവേശിപ്പിച്ച ചുവടെ പറയുന്ന ഉദ്യോഗസ്ഥരെ പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ സീനിയോറിറ്റി അടിസ്ഥാനമാക്കി, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A.No.1654/2022-എന്ന നമ്പർ ഹർജിയുടെ അന്തിമ വിധിക്കു വിധേയമായി, കെ.എസ്.& എസ്.എസ്.ആർ. ഭാഗം II ചട്ടം

28(b)(i) പ്രകാരം റെഗുലർ അടിസ്ഥാനത്തിൽ 56,500-1,18,100/-എന്ന ശമ്പളസ്കെയിലിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫിസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച ഉത്തരവാകുന്നു.

1. പാലക്കാട് റീജിയണൽ ട്രാൻസ്പോർട് ഓഫീസിലെ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ ശ്രീ.ഷാനവാസ് കരീം നെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫിസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി തലശ്ശേരി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫിസർ ശ്രീ.വി.ടി.മധു-വിനെ സ്ഥലം മാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.
2. കാസറഗോഡ് എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസിലെ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ ശ്രീ.സജീവ് എ.-യെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫിസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിലവിൽ ഒഴിവുള്ള മലപ്പുറം റീജിയണൽ ട്രാൻസ്പോർട് ഓഫീസിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫിസർ തസ്തികയിൽ നിയമിക്കുന്നു.
3. മാനന്തവാടി സബ്-റീജിയണൽ ട്രാൻസ്പോർട് ഓഫീസിലെ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ ശ്രീ.ജോസ് അലക്സ് -നെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫിസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിലവിൽ ഒഴിവുള്ള കാസറഗോഡ് റീജിയണൽ ട്രാൻസ്പോർട് ഓഫീസിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫിസർ തസ്തികയിൽ നിയമിക്കുന്നു.
4. ട്രാൻസ്പോർട് കമ്മീഷണറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീ.കുഞ്ഞുമോൻ കെ.പി. യെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫിസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പയ്യന്നൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.പ്രദീപ്കുമാർ ടി.പി. യെ സ്ഥലം മാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

4) ഇപ്രകാരം, പരാമർശം (6) പ്രകാരമുള്ള, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവ് പാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം (ആമുഖ സഹിതം)
ട്രാൻസ്പോർട് കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്പോർട് കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട് കമ്മീഷണർ മുഖേന)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Anju P K**
**Date: 23-11-2022 15:01:36**

സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി.എ. ക്ക

സ.ഉ.(സാധാ) നം.489/2022/TRANS